# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## പ്രാദേശിക വാർത്തകൾ

**DATE: 22.04.2026** **TIME : 06.30 PM**

## പ്രധാന വാർത്തകൾ

1) തൃശൂർ മുണ്ടത്തിക്കോട് വെടിക്കെട്ട് അപകടത്തിൽ ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിച്ച് സംസ്ഥാന സർക്കാർ. അപകടത്തിൽ പരിക്കേറ്റ് ചികിത്സയിലായിരുന്ന ഒരാൾ കൂടി മരിച്ചു. ചികിത്സയിലുള്ള 11 പേരിൽ അഞ്ച് പേരുടെ നില ഗുരുതരം.
2) അപകടത്തിൽ മരിച്ചവരുടെ ആശ്രിതർക്ക് സംസ്ഥാന സർക്കാർ 14 ലക്ഷം രൂപ ധനസഹായം നൽകും. പൂരം നടത്തിപ്പുമായി ബന്ധപ്പെട്ട് സർക്കാർ തീരുമാനം അംഗീകരിക്കുമെന്ന് പാറമേക്കാവ്- തിരുവമ്പാടി ദേവസ്വങ്ങൾ.
3) തമിഴ്‌നാട്ടിലും, പശ്ചിമബംഗാൾ ഒന്നാംഘട്ട തിരഞ്ഞെടുപ്പിലും വോട്ടെടുപ്പ് നാളെ. എല്ലാ ഒരുക്കങ്ങളും പൂർത്തിയായതായി തിരഞ്ഞെടുപ്പ് കമ്മീഷൻ.
4) പശ്ചിമേഷ്യൻ സംഘർഷത്തിൻറെ പശ്ചാത്തലത്തിൽ രാജ്യത്ത് ഗാർഹിക എൽപിജി വിതരണം സാധാരണ നിലയിലാണെന്ന് കേന്ദ്രസർക്കാർ.
5) പഹൽഗാം ഭീകരാക്രമണത്തിന് ഇന്ന് ഒരു വർഷം . ആക്രമണത്തിൽ ജീവൻ പൊലിഞ്ഞവർക്ക് ശ്രദ്ധാഞ്ജലി അർപ്പിച്ച് രാജ്യം.
6) ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന് രാജസ്ഥാൻ റോയൽസ് , ലക്നൗ സൂപ്പർ ജയൻറ്സിനെ നേരിടും.

****************

## തൃശൂർ കളക്ടർ (ഇൻട്രോ)

തൃശ്ശൂർ മുണ്ടത്തിക്കോട് വെടിക്കെട്ടുപുര അപകടത്തെ തുടർന്ന് വെന്റിലേറ്ററിൽ ചികിത്സയിൽ ആയിരുന്ന ഒരാൾ കൂടി മരിച്ചു. പട്ടാമ്പി സ്വദേശി പ്രവീൺ ആണ് മരിച്ചത്.
അപകടത്തിനിരയായവരുടെ 9 മൃതദേഹങ്ങളിൽ നിന്നും എട്ട് പേരെ ഇതിനകം തിരിച്ചറിഞ്ഞതായി തൃശൂർ ജില്ല കളക്ടർ ശിഖ സുരേന്ദ്രൻ അറിയിച്ചു. 4 പേരെ കാണാതായതായി ബന്ധുക്കൾ ഇതിനകം വിവരം നൽകിയിട്ടുണ്ട്. മൃതദേഹങ്ങളിൽ നിന്നും, അപകട സ്ഥലത്തുനിന്ന് കിട്ടിയ ശരീര ഭാഗങ്ങളിൽ നിന്നും ഡിഎൻഎ സാമ്പിൾ ശേഖരിച്ചതായും കളക്ടർ വ്യക്തമാക്കി. നാല് ദിവസത്തിനകം ഡിഎൻഎ പരിശോധന ഫലം ലഭിക്കുമെന്നും കളക്ടർ അറിയിച്ചു.
**കൂടുതൽ വിവരങ്ങളുമായി ആകാശവാണി തൃശൂർ ജില്ലാ പ്രതിനിധി ഭരിത പ്രതാപ്....**
(ഹോൾഡ്)

****************

## തൃശൂർ സ്ഫോടനം

മുണ്ടത്തിക്കോട് വെടിക്കെട്ടുപുര സ്ഫോടനത്തിൽ സംസ്ഥാന സർക്കാർ ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിച്ചു. ജസ്റ്റിസ് സി എൻ രാമചന്ദ്രൻനായരുടെ ഏകാംഗ ജുഡീഷ്യൽ കമ്മീഷനാണ് അന്വേഷണച്ചുമതല. അപകടത്തിൽ മരിച്ചവരുടെ ആശ്രിതർക്ക് 14 ലക്ഷം രൂപ വീതം അടിയന്തിര ധനസഹായം നൽകാനും മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ ഓൺലൈനായി ചേർന്ന മന്ത്രിസഭായോഗം തീരുമാനിച്ചു. പരിക്കേറ്റവർക്ക് ദുരന്തപ്രതികരണ നിധി പ്രകാരമുള്ള തുകയ്ക്കു പുറമേ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നു രണ്ട് ലക്ഷം രൂപയും അനുവദിക്കും. പരിക്കേറ്റവരുടെ ചികിത്സാചെലവും സർക്കാർ ഏറ്റെടുക്കും. അപകടത്തിൽ മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് പ്രധാനമന്ത്രിയുടെ

ദുരിതാശ്വാസ നിധിയിൽ നിന്നും രണ്ട് ലക്ഷം രൂപയും, പരിക്കേറ്റവർക്ക് 50,000 രൂപയും ഇന്നലെ പ്രഖ്യാപിച്ചിരുന്നു.

ദുരന്തത്തിൻറെ പശ്ചാത്തലത്തിൽ തൃശ്ശൂർ പൂരത്തെ സംബന്ധിച്ച് തിരുവമ്പാടി, പാറമേക്കാവ് ദേവസ്വങ്ങളുമായി കൂടിയാലോചിച്ച് തീരുമാനമെടുക്കുമെന്ന് മന്ത്രി വി എൻ വാസവൻ വ്യക്തമാക്കി.

****************

## പാറമേക്കാവ്

തൃശൂർ മുണ്ടത്തിക്കോട് വെടികെട്ട് അപകടം നടന്ന സാഹചര്യത്തിൽ പൂരം നടത്തിപ്പുമായി ബന്ധപ്പെട്ട് സർക്കാർ തീരുമാനം അംഗീകരിക്കുമെന്ന് പാറമേക്കാവ്- തിരുവമ്പാടി ദേവസ്വങ്ങൾ. പൂരം ചടങ്ങുകളോടെ നടത്തണമെന്ന് പറഞ്ഞാൽ ആചാരവും ജനങ്ങളുടെ വികാരവും കണക്കിലെടുത്ത് തീരുമാനമെടുക്കുമെന്ന് പാറമേക്കാവ് ദേവസ്വം സെക്രട്ടറി ജി. രാജേഷ് പറഞ്ഞു. വെടിക്കെട്ട് ഒഴിവാക്കി പൂരം ചടങ്ങുകളോടെ നടത്താം എന്ന നിലപാടിലാണ് തിരുവമ്പാടി ദേവസ്വം ഉള്ളത്. സർക്കാർ എന്ത് തീരുമാനമെടുത്താലും അംഗീകരിച്ചു മുന്നോട്ട് പോകുമെന്ന് തിരുവമ്പാടി ദേവസ്വം സെക്രട്ടറി കെ ഗിരീഷ് കുമാർ അറിയിച്ചു.

****************

## സ്റ്റോപ്പ് മെമ്മോ നൽകി

തൃശൂർ മുണ്ടത്തിക്കോട് വെടിക്കെട്ട് ദുരന്തത്തിൻ്റെ പശ്ചാത്തലത്തിൽ, പാലക്കാട് മുതലമട വെള്ളാരംകടവിലുള്ള വെടിമരുന്ന് നിർമ്മാണശാലയ്ക്ക്, ജില്ലാ കളക്ടർ സ്റ്റോപ്പ് മെമ്മോ നൽകി. പാറമേക്കാവിന്റെ വെടിക്കെട്ട് നിർമ്മാണമാണ് ഇവിടെ നടക്കുന്നത്.

****************

## തമിഴ്നാട് പശ്ചിമബംഗാൾ-തിരഞ്ഞെടുപ്പ്

തമിഴ്നാട്ടിലും, പശ്ചിമബംഗാൾ ഒന്നാംഘട്ട തിരഞ്ഞെടുപ്പിലും വോട്ടെടുപ്പ് നാളെ. എല്ലാ ഒരുക്കങ്ങളും പൂർത്തിയായതായി തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

തമിഴ്നാട്ടിലെ 234 നിയമസഭാ മണ്ഡലങ്ങളിലേക്കും, പശ്ചിമ ബംഗാളിലെ 152 മണ്ഡലങ്ങളിലേക്കുമാണ് നാളെ വോട്ടെടുപ്പ് നടക്കുന്നത്. രാവിലെ 7 മണിക്ക് ആരംഭിക്കുന്ന പോളിങ്ങ് വൈകുന്നേരം ആറ് മണി വരെ നീളും. ഇരു സംസ്ഥാനങ്ങളിലെയും എല്ലാ ബൂത്തുകളിലും വെബ്കാസ്റ്റിങ്ങ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കേരളത്തിൽ ജോലി ചെയ്യുന്ന തമിഴ്നാട് സ്വദേശികളായ വോട്ടർമാർക്ക് നാളെ വേതനത്തോട് കൂടിയ അവധി സംസ്ഥാന സർക്കാർ അനുവദിച്ചിട്ടുണ്ട്.

****************

## അന്തർ മന്ത്രാലയ വിശദീകരണ യോഗം -(INTRO)

രാജ്യത്ത് എൽപിജി, പെട്രോൾ, ഡീസൽ എന്നിവയുടെ തടസ്സമില്ലാത്ത വിതരണം ഉറപ്പാക്കാൻ ഫലപ്രദമായ നടപടികൾ സ്വീകരിച്ചതായി കേന്ദ്രസർക്കാർ. ഗാർഹിക എൽപിജി വിതരണം സാധാരണ നിലയിലാണെന്നും പെട്രോളിയം-പ്രകൃതിവാതക മന്ത്രാലയം ജോയിന്റ് സെക്രട്ടറി സുജാത ശർമ്മ പറഞ്ഞു.

(ഹോൾഡ് വോയിസ്)

****************

## ഇറാൻ

ഹോർമുസ് കടലിടുക്കിൽ രണ്ട് കപ്പലുകൾ പിടിച്ചെടുത്തതായി ഇറാൻ ഇസ്ലാമിക് റെവല്യൂഷണറി ഗാർഡ്സ് .

കപ്പലുകൾ പ്രാദേശിക ജലാതിർത്തി ലംഘിച്ച് ഇറാൻറെ ടെഹ്റാന്റെ അനുമതിയില്ലാതെ ജലപാതയിൽ നിന്ന് പുറത്തുകടക്കാൻ ശ്രമിച്ചതായും IRGC ആരോപിച്ചു. മേഖലയിൽ താത്കാലിക വെടിനിർത്തൽ തുടരുമെന്ന് യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ് പ്രഖ്യാപിച്ച് മണിക്കൂറുകൾക്കകമാണ് ഇറാൻറെ പ്രകോപന നീക്കം.

****************

## പിഎം.രാജ്നാഥ്-പഹൽഗാം

ജമ്മു കശ്മീരിലെ പഹൽഗാമിൽ നിരപരാധികളായ 26 വിനോദസഞ്ചാരികൾ കൊല്ലപ്പെട്ട ഭീകരാക്രമണം നടന്നിട്ട് ഇന്ന് ഒരു വർഷം പൂർത്തിയായി. രാജ്യത്തെ നടുക്കിയ ഈ

ക്രൂരകൃത്യത്തിന് മറുപടിയായി ഓപ്പറേഷൻ സിന്ദൂർ' എന്ന പേരിൽ അതിശക്തമായ സൈനിക നടപടിയാണ് ഇന്ത്യ സ്വീകരിച്ചത്. പാകിസ്ഥാനിലും പാക് അധീന കശ്മീരിലുമായി ഒൻപതോളം ഭീകര ക്യാമ്പുകൾ തകർത്തതിന് പുറമേ, നൂറിലധികം ഭീകരരെ വധിക്കാനും ഈ സൈനിക നീക്കത്തിലൂടെ സാധിച്ചു. പഹൽഗാം ഭീകരാക്രമണത്തിന് ഇരയായവർക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി, രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് തുടങ്ങി നിരവധി പ്രമുഖർ ആദരാഞ്ജലികൾ അർപ്പിച്ചു.

****************

## <u>സെൽഫ് എന്യുമറേഷൻ</u>

2027 ലെ ജനസംഖ്യാ കണക്കെടുപ്പിൻ്റെ ഭാഗമായി സംസ്ഥാനത്തെ പൊതുജനങ്ങൾക്ക്, സ്വന്തമായി വിവരങ്ങൾ ഓൺലൈനായി രേഖപ്പെടുത്താനുള്ള സെൽഫ് എന്യുമറേഷൻ സൗകര്യം ജൂൺ 16 മുതൽ 30 വരെ ലഭ്യമാകും. ഇതിലൂടെ സെൻസസ് ഉദ്യോഗസ്ഥർ വീടുകളിൽ എത്തുന്നതിന് മുൻപ് തന്നെ വ്യക്തികൾക്ക് കുടുംബവുമായി ബന്ധപ്പെട്ട വിവരങ്ങൾ ഓൺലൈൻ പോർട്ടൽ വഴി നേരിട്ട് സമർപ്പിക്കാനാകും. <u>se.census.gov.in</u> എന്ന പോർട്ടൽ സന്ദർശിച്ച് വിവരങ്ങൾ രേഖപ്പെടുത്തിയ ശേഷം ലഭിക്കുന്ന 11 അക്ക സെൽഫ്-ഇന്യൂമറേഷൻ ഐഡി, സെൻസസ് ഉദ്യോഗസ്ഥർ വീട് സന്ദർശിക്കുമ്പോൾ കൈമാറാവുന്നതാണ്. ജൂൺ 30-നകം സെൽഫ്-ഇന്യൂമറേഷൻ പൂർത്തിയാക്കാൻ കഴിയാത്തവരുടെ വിവരങ്ങൾ ഉദ്യോഗസ്ഥർ നേരിട്ട് ശേഖരിക്കും.

****************

## <u>മുൻകൂർ ജാമ്യാപേക്ഷ</u>

കണ്ണൂർ അഞ്ചരക്കണ്ടി ഡെന്റൽ കോളേജ് വിദ്യാർത്ഥി ആർ.എൽ. നിതിൻ രാജിന്റെ മരണവുമായി ബന്ധപ്പെട്ട്, അധ്യാപകർ നൽകിയ മുൻകൂർ ജാമ്യാപേക്ഷയിലുള്ള വാദം , തലശ്ശേരി അഡീഷണൽ ജില്ലാ സെഷൻസ് കോടതി നാളത്തേക്ക് മാറ്റി. എം.കെ റാം, സംഗീത നമ്പ്യാർ എന്നിവരുടെ മുൻകൂർ ജാമ്യാപേക്ഷയാണ് നാളത്തേക്ക് മാറ്റിയത്.

****************

## ചൂട് -പാലക്കാട് (ഇൻട്രോ)

പാലക്കാട് കനത്ത ചൂട് തുടരുന്ന സാഹചര്യത്തിൽ കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട പരാതികൾ കൈകാര്യം ചെയ്യുന്നതിന് ജില്ലയിൽ കൺട്രോൾ റൂം ആരംഭിച്ചു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.**

**(വോയ്സ്)**

****************

## താപനില

കേരളത്തിൽ മറ്റന്നാൾ വരെ കനത്ത ചൂട് തുടരും. പാലക്കാട് ജില്ലയിൽ 40 °C വരെയും; കൊല്ലം ജില്ലയിൽ 39 °C വരെയും; കോട്ടയം ജില്ലയിൽ 38 °C വരെയും താപനില ഉയരാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. ഉയർന്ന ചൂട് റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിൽ പൊതുജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി അറിയിച്ചു. സംസ്ഥാനത്ത് ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോട് കൂടിയ മഴയ്ക്കും സാധ്യതയുണ്ട്.

****************

## ഐപിഎൽ

ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന് രാജസ്ഥാൻ റോയൽസ് , ലക്നൗ സൂപ്പർ ജയൻറ്സിനെ നേരിടും. രാത്രി 7.30 ന് , ലക്നൗവിലാണ് മത്സരം. ഐഎസ്എൽ ഫുട്ബോളിൽ നാളെ കേരള ബ്ലാസ്റ്റേഴ്സ്, ഒഡീഷയെയാണ് നേരിടുന്നത്. കൊച്ചി ജവാഹർലാൽ നെഹ്റു സ്റ്റേഡിയത്തിലാണ് മത്സരം.

****************

*******

***